# ഗവ. ഹയർ സെക്കൻഡറി സ്കൂൾ
# കുളത്തൂപ്പുഴ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

Scanned with OKEN Scanner

## വിദ്യാലയ ചരിത്രം

കുളത്തൂപ്പുഴയിലെ സാധാരണ ജനങ്ങളുടെ ചിരകാല അഭിലാഷമായിരുന്ന സർക്കാർ ഹൈസ്കൂൾ 1976-ൽ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ ഒരു സ്വകാര്യ തീപ്പെട്ടികമ്പനിയിലാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് കുളത്തൂപ്പുഴ സർക്കാർ യു.പി. സ്കൂളിൽ താത്കാലികമായി പ്രവർത്തിച്ചു. കേരള വനം വകുപ്പ് കല്ലുവെട്ടാംകുഴിയിൽ അനുവദിച്ച സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുകയും 1984 മുതൽ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര ഗ്രാമമായ കുളത്തൂപ്പുഴയിലെ എല്ലാത്തട്ടിലുമുള്ള ജനങ്ങളുടേയും വിദ്യാഭ്യാസത്തിനുവേണ്ടി സ്ഥാപിതമായ ഈ സർക്കാർ വിദ്യാലയം ഒരു വലിയ സമൂഹത്തിന്റെ പ്രതീക്ഷകളെ സാക്ഷാത്കരിച്ചുകൊണ്ട് പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ മുന്നേറ്റത്തിന് കരുത്തും വെളിച്ചവും പകരുന്നു. ഏറ്റവും താഴെത്തട്ടിലുള്ള ദുർബല ജനവിഭാഗങ്ങളുടെ പ്രതീക്ഷയും ഉണർവുമാണ് ഈ വിദ്യാലയം.

ഈ വിദ്യാലയത്തിൽ 55% പട്ടികജാതി-പട്ടിക വർഗ വിഭാഗവും 33% മറ്റ് പിന്നാക്ക വിഭാഗവും 12% മുന്നാക്ക വിഭാഗവുമാണ്. ഏറിയ പങ്കും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഈ പിന്നാക്കാവസ്ഥയിലും പരിമിതികളേയും പരാധീനതകളേയും അതിജീവിച്ചുകൊണ്ട് ഒറ്റപ്പെട്ടതെങ്കിലും അഭിമാനാർഹങ്ങളായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്

Scanned with OKEN Scanner

## കാഴ്ചപ്പാട്

മതനിരപേക്ഷ ജനാധിപത്യം വികസിപ്പിക്കുന്നതിനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുന്നതരത്തിലുള്ള വിദ്യാഭ്യാസമാണ് നമുക്ക് വേണ്ടത്. 8 മുതൽ 12 വരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന എല്ലാ ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും പഠന വികാസത്തിന് തുല്യ അവസരം ഉണ്ടാക്കുകയും സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുവാനും ഒപ്പം പരിമിതികൾ മറികടക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും വേണം. മികച്ച ശാരീരിക-മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുന്നതരത്തിൽ സ്കൂൾ അന്തരീക്ഷം മാറണം. [illegible]

അറിവിനെ സ്കൂളിനു പുറത്തെ ജീവിതവുമായി ബന്ധപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പഠനമെന്നാൽ കേവലം കാണാപ്പാഠം പഠിക്കലല്ല. ഉയർന്ന ചിന്തയും മൂല്യബോധവുമുള്ള ജനസമൂഹം ഏതൊരു രാജ്യത്തിന്റേയും വിലമതിക്കാനാവാത്ത സമ്പത്താണ്. ഇതിനാവശ്യമായ ഉദാത്തവും ഔചിത്യ ബോധവുമുള്ള വിദ്യാഭ്യാസ പ്രവർത്തനമാണ് നമുക്ക് വേണ്ടത്. രാജ്യത്തിന്റെ പുരോഗതിയുടെ ഗതിവിഗതികൾ നിശ്ചയിക്കപ്പെടുന്ന വിദ്യാഭ്യാസം എന്ന മേഖലയിലെ പരമപ്രധാന പ്രവർത്തനങ്ങളിലാണ് നാം ഏർപ്പെട്ടിരിക്കുന്നത്.

പഠിതാവിൽ കേന്ദ്രീകൃതവും പ്രക്രിയാബന്ധിതവും പ്രവർത്തനോന്മുഖവും മൂല്യാധിഷ്ഠിതവുമായ പാഠ്യപദ്ധതിയാണ് നമുക്കുള്ളത്. ബൗദ്ധിക തലത്തിലും പ്രക്രിയാതലത്തിലും മൂല്യങ്ങളുടെ തലത്തിലും പഠിതാവ് എത്തിച്ചേരേണ്ട പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്നു. പഠനനേട്ടം, ഉള്ളടക്ക സ്വഭാവം, പഠിതാക്കളുടെ വ്യത്യസ്ത നിലവാരം എന്നിവ തിരിച്ചറിഞ്ഞ് വിവിധ പഠന ബോധന രീതികൾ നടപ്പിലാക്കുന്നതിനുള്ള വഴക്കം, കണ്ടെത്തൽ പഠനം ആശയ സമ്പാദനരീതി, ആഗമന ചിന്താരീതി, ചിന്തയെക്കുറിച്ച് ചിന്തിക്കുവാനുള്ള കഴിവ് വളർത്തൽ, വ്യക്തിപരവും സംഘപരവുമായ അവസരങ്ങൾ നൽകൽ മുതലായവയും പരിഗണിക്കപ്പെടുന്നു. സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം എന്നതുപോലെ എല്ലാ കുട്ടികളുടേയും പഠന നേട്ടം ഉറപ്പാക്കുക എന്നതിനും പ്രാധാന്യം നൽകുന്നു. വിവര സാങ്കേതിക വിദ്യ ഒരു പ്രത്യേക പാഠ്യ വിഷയം എന്നതിലുപരി പാഠ്യവിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുന്നതിലേയ്ക്കുള്ള ഉപാധിയായി ഉപയോഗിക്കുന്നു. പഠനം സ്വഭാവമാക്കിയ പഠിതാക്കളുടെ ബൗദ്ധികമായും മാനസികമായും പ്രവർത്തനപരമായുമുള്ള സമഗ്ര വികാസം ലക്ഷ്യമാക്കി "മസ്തിഷ്ക ഹൃദയ ഹസ്ത സമന്വിത" വിദ്യാഭ്യാസമാണ് നമുക്ക് നൽകേണ്ടത്. ജ്ഞാനേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തി ചുറ്റുപാടിൽ നിന്നും പഠിക്കുവാനുള്ള നൈസർഗികമായ കഴിവുകളോടുകൂടിയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണുവാനും മനസിലാക്കുവാനും ഇടപഴകുവാനും വിലയിരുത്തുവാനുമുള്ള സാധ്യതകളാണ് നമ്മുടെ വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന ഔപചാരിക പഠനം കുട്ടിക്ക് വഴി തുറക്കുന്നത്.

Scanned with OKEN Scanner

ഇതിനു പുറമേ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള നിരവധി വേദികൾ നമ്മുടെ സ്കൂളിലുണ്ട്. അസംബ്ലി, വിവിധ ക്ലബ്ബുകൾ, ചർച്ചാവേദികൾ, പഠനയാത്രകൾ എസ്.പി.സി., JRC, എൻ.എസ്.എസ് തുടങ്ങിയവ പ്രവർത്തിക്കുന്നു.

പഠനം :-

വിവിധ പഠന ശൈലികളെ പരിഗണിച്ചുകൊണ്ട് വിവിധ ഇന്ദ്രിയാനുഭവങ്ങൾ നൽകുന്നതു വഴി പഠനം ഫലപ്രദമാകുന്നു. സഹകരണാത്മകവും സംവാദാത്മകവുമായ അന്തരീക്ഷത്തിൽ പഠനം സാർത്ഥകമാകുന്നു. പഠന വേഗത പരിഗണിച്ച് പഠനാനുഭവം നൽകുന്നു. പഠനാനുഭവങ്ങൾ ചാക്രികമായി നൽകുന്നു. പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വഴക്കം, അനുരൂപീകരണം, പഠനപ്രവർത്തനങ്ങളുടെ തെരഞ്ഞെടുപ്പ് എന്നിവ നടത്തുന്നതിലൂടെ വ്യത്യസ്ത പഠന ആവശ്യമുള്ളവരേയും പരിഗണിക്കുന്നു. പഠനവും വിലയിരുത്തലും ഉദ്ഗ്രഥിതമായി നടത്തുന്നു. വിഷയാധിഷ്ഠിത ഉള്ളടക്കം, പഠിതാവിന്റെ പഠനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് അനുയോജ്യമായ വ്യത്യസ്ത പഠന-ബോധന രീതികളും തന്ത്രങ്ങളും പ്രയോജനപ്പെടുത്തി എല്ലാ കുട്ടികളും പഠനനേട്ടം കൈവരിക്കുന്നു. ഓരോ കുട്ടിയുടേയും സമഗ്ര വികസനം ലക്ഷ്യം വച്ച് പഠനപ്രക്രിയ നിശ്ചയിക്കുന്നു.

പ്രകൃതി വിഭവ സംരക്ഷണം, പരിസര ശുചിത്വം, പ്രകൃതിയേയും പ്രകൃതി വിഭവ സംരക്ഷണത്തേയും സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ പ്രത്യേകം ക്ലാസുകളായി ഉൾപ്പെടുത്തുന്നു. വ്യക്തി ശുചിത്വം പോലെ പ്രധാനമാണ് പരിസരശുചിത്വമെന്നും ശുചിത്വബോധം പൗരധർമത്തിന്റെ അടിസ്ഥാന പ്രത്യേകതകളിലൊന്നാണെന്ന് വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നു. പ്രകൃതിയും പ്രകൃതി വിഭവങ്ങളും മനുഷ്യന്റെ മാത്രം ആവശ്യങ്ങൾക്കുള്ളതല്ലെന്നും പ്രകൃതിയിലെ സന്തുലിതാവസ്ഥയിലൂടെ

മാത്രം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നു-
ള്ള മനോഭാവം കുട്ടികളിൽ വളർത്തുന്നു. പ്രകൃതി വിഭവ
സംരക്ഷണവും പരിസരശുചിത്വവും മനോഭാവമാക്കി
മാറ്റുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

ലിംഗ സമത്വവും ലിംഗനീതിയും.

ഉറപ്പാക്കുന്ന വിദ്യാഭ്യാസ രീതി അവലംബിക്കുന്നു. പഠന
പ്രവർത്തനങ്ങളിൽ ലിംഗനീതി ഉറപ്പാക്കുന്നു. മികച്ച പ്രവർത്തന-
ങ്ങൾ നടത്തുന്നതിൽ നമ്മുടെ സ്കൂളിൽ പെൺകുട്ടികളാണ്
മുൻപന്തിയിൽ.

വ്യത്യസ്തവും വൈവിധ്യപൂർവവുമായ
സാമൂഹ്യ സാംസ്കാരിക കുടുംബ പശ്ചാത്തലത്തിൽ വിവേചനം
അനുഭവിക്കുന്ന കുട്ടികൾ നമുക്കുണ്ട്. കടുത്ത ദാരിദ്ര്യം
നിമിത്തം ഭിക്ഷാടനം നടത്തി ജീവിക്കുന്ന കുടുംബത്തിലെ
കുട്ടികളുണ്ട്. ആദിവാസികളും പട്ടികജാതി, പട്ടികവർഗവിഭാഗ-
ത്തിൽപ്പെട്ടവരുമുണ്ട്. അന്യദേശത്തു നിന്നും കുടിയേറിയവരുമുണ്ട്
സ്ഥിരമായി താമസ സൗകര്യമില്ലാത്ത കുടുംബത്തിലെ കുട്ടികളും
നമുക്കുണ്ട്. ഇവർക്ക് സവിശേഷ ശ്രദ്ധയും പഠന സഹായവും
ആവശ്യമുണ്ട്. പരിമിതികളെയും വ്യത്യസ്തതകളെയും തിരിച്ചറി-
യുകയും അംഗീകരിക്കുകയും ചെയ്യുന്ന സമീപനമാണ്.
കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരക്കാരുടെ പ്രയാസങ്ങൾ
ഒട്ടേറെ പരിഹരിക്കുവാനാകും.

Scanned with OKEN Scanner

[redacted]

<u>വിദ്യാലയ മികവുകൾ</u>

പച്ചക്കറിത്തോട്ടം

ഔഷധത്തോട്ടം

ജൈവവൈവിധ്യ പാർക്ക്

മഴവെള്ളസംഭരണി-മഴക്കുഴി

മാലിന്യസംസ്കരണ സംവിധാനം (ബയോഗ്യാസ് പ്ലാന്റ് )

ജൈവകമ്പോസ്റ്റ്

എല്ലാ കുട്ടികളുടെയും ഭവനസന്ദർശനം

ഹരിതവിദ്യാലയം

സ്കൂൾ ലൈബ്രറി

<u>ലക്ഷ്യങ്ങൾ</u>

1. എല്ലാ കുട്ടികൾക്കും സൗഹൃദപരമായതും കുട്ടികളെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ രീതിയിൽ പഠനപ്രവർത്തനങ്ങളും സംഘടിപ്പിക്കും.

2. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

3. കുട്ടികൾ അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

4. ~~[illegible]~~ NMMS, NTSE, Scholarship, Full A+ കളുടെ എണ്ണം എന്നിവ കൂട്ടുക.

5. പഠനം ആസ്വാദ്യകരവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

6. കുട്ടികളുടെ പഠനകാര്യത്തിൽ രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കും.

7. 'അക്ഷരദീപം' പദ്ധതിയിലൂടെ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് , ഹിന്ദി സംസാരിക്കാനും, വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കും.

8. കുട്ടിയുടെ പഠനതാത്പര്യത്തെയും വ്യക്തിത്വവികാസത്തെയും തിരിച്ചറിയുന്നതിനുള്ള പരിഹാരബോധന പ്രക്രിയയും നിരന്തര മൂല്യനിർണയ പ്രക്രിയയും നടത്തും.

9. അക്കാദമികമായ ഉണർവ്വ് ജനിപ്പിക്കുന്നതിൽ എല്ലാ അധ്യാപകരുടെയും അറിവിന്റെ സംഭാവനകൾ പരിഗണിക്കും.

10. പഠനത്തിൽ മുന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന, കോച്ചിംഗ് ക്ലാസ്സ് സംഘടിപ്പിക്കും.

11. ലൈബ്രറി വികസനം സാധ്യമാക്കും.(ക്ലാസ്സ് ലൈബ്രറി, ടീച്ചേഴ്സ് ലൈബ്രറി, സ്കൂൾലൈബ്രറി)

12. പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും തിരിച്ചറിഞ്ഞും പഠനം ഉറപ്പാക്കും.

13. അദ്ധ്യാപകരുടെ ICT പ്രവർത്തനങ്ങൾ പഠനപ്രക്രിയ മെച്ചപ്പെടുത്താൻ ഉപയോഗിക്കും.

14. പുതിയ പുതിയ ടീച്ചിംഗ് എയ്ഡ്സ് നിർമിച്ച് പഠനപ്രക്രിയ എളുപ്പമാക്കും.

15. ശാസ്ത്രമേളകളിലും ക്ലബ് പ്രവർത്തനങ്ങളിലും സയൻസ് ലാബ് പ്രവർത്തനങ്ങളിലും പരമാവധി

Scanned with OKEN Scanner

2012 ൽ ഈ വിദ്യാലയത്തിൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റ് ഈ വിദ്യാലയത്തിന് അലങ്കാരം മാത്രമല്ല അനുഗ്രഹം കൂടിയാണ്. പ്രതികൂല സാഹചര്യങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസത്തിനും നേതൃപാടവം, സേവനതത്പരത, അച്ചടക്കം, സത്യസന്ധത, സാമൂഹ്യ പ്രതിബദ്ധത തുടങ്ങിയ ശ്രേഷ്ഠ മാനവിക മൂല്യങ്ങൾ ഗ്രഹിക്കുന്നതിന് അവസരം നൽകുന്നു. 8-10 ക്ലാസിൽ സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ ചിലർ വളരെ നേരത്തെ തന്നെ പഠനം ഉപേക്ഷിച്ചു പോകുന്ന പ്രവണത മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ SPC ആരംഭിച്ചതിനു ശേഷം പഠനം ഉപേക്ഷിക്കുന്ന കുട്ടികളില്ലാതെയായി. എസ്.എസ്.എൽ.സി. വിജയശതമാനവും എ പ്ലസിന്റെ എണ്ണവും കൂടി. പുതിയ അധ്യാപക തസ്തികകളുണ്ടായി. കുട്ടികളിൽ മാത്രമല്ല രക്ഷകർത്താക്കളിലും സ്കൂൾ പരിസര നിവാസികളിലും പ്രകടമായ സ്വഭാവ മാറ്റമുണ്ടായി. ഇതെല്ലാം SPC പദ്ധതിയുടെ ഗുണഫലങ്ങളാണ്.

സ്കൂളിലെ എല്ലാ അധ്യാപകരും നിശ്ചിത യോഗ്യതയിലും ഉയർന്ന യോഗ്യത നേടിയവരും പി.എസ്.സി. മത്സരപരീക്ഷ, അഭിമുഖം ഇവ വിജയിച്ചു വന്നവരും ശരിയായ പരിശീലനം ലഭിച്ചവരുമാണ്. അർപ്പണ മനോഭാവവും ആത്മാർത്ഥതയുമുള്ള അധ്യാപകരാണ് ഈ വിദ്യാലയത്തിന്റെ ശക്തി.

Scanned with OKEN Scanner

സാമൂഹ്യമായ ഇടപെടൽ വിരളമായേ ഉണ്ടാകാറുള്ളൂ. സാമൂഹ്യമായ ദുർബല വിഭാഗങ്ങളുടെ ആശ്രയമായ ഈ വിദ്യാലയത്തിന് പൊതുസമൂഹം കാര്യമായി പിന്തുണ നൽകേണ്ടതുണ്ട്.

JRC

വിദ്യാർഥികളിൽ കരുണയും സേവന മനോഭാവവും വളർത്തുന്നതിനുവേണ്ടി റെഡ് ക്രോസ് പ്രസ്ഥാനത്തിനു കീഴിൽ നടന്നുവരുന്ന ജൂനിയർ റെഡ് ക്രോസ് (JRC) സ്കൂൾ യൂണിറ്റ്, 2024-25 അധ്യയനവർഷം മുതൽ സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. എട്ടാം ക്ലാസിലെ 19 കുട്ടികളുമായി ആരംഭിച്ചതാണ് JRC യൂണിറ്റ്.

ആരോഗ്യം, സേവനം, സൗഹൃദം എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് JRC പ്രവർത്തനങ്ങൾ നടന്നുവരുന്നത്. മനുഷ്യസ്നേഹികളായ ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്നതിൽ JRC പ്രധാന പങ്ക് വഹിക്കുന്നു എന്നതിനാൽ JRC യുടെ അംഗമായിരിക്കുന്നത് ഓരോ കുട്ടിയ്ക്കും അഭിമാനമാണ്.

പ്രത്യേകമായി ആചരിക്കേണ്ട ഓരോ ദിനവും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ JRC വിദ്യാർത്ഥികൾ മറ്റു കുട്ടികളെ ഓർമ്മിപ്പിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഹപാഠിയെ JRC അംഗങ്ങൾ ഒരുമിച്ച് കൈകോർത്തു കൊണ്ട് വീട്ടിലേക്കാവശ്യമായ പലവ്യഞ്ജനങ്ങളും പച്ചക്കറിയും ഭവനസന്ദർശനം നടത്തി സഹപാഠിയ്ക്ക് കൈമാറുന്നു.

Scanned with OKEN Scanner

# വിദ്യാർത്ഥികൾ

## ഹൈസ്കൂൾ വിഭാഗം

| വർഷം | ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| ൨൦൨൫-൨൬ | VIII | 25 | 31 | 56 |
| | IX | 15 | 12 | 27 |
| | X | 36 | 33 | 69 |

# അദ്ധ്യാപക തസ്തികകൾ

| തസ്തിക | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിഞ്ഞ് കിടക്കുന്നത് |
|---|---|---|---|
| മലയാളം | 2 | 2 | — |
| ഇംഗ്ലീഷ് | 1 | 1 | — |
| ഹിന്ദി | 1 | ദിവസവേതനം | 1 |
| സോഷ്യൽ സയൻസ് | 1 | 1 | — |
| ഫിസിക്കൽ സയൻസ് | 1 | ദിവസവേതനം | 1 |
| നാച്ചുറൽ സയൻസ് | 1 | 1 | — |
| ഗണിതം | 1 | 1 | — |
| ഫിസിക്കൽ എഡ്യുക്കേഷൻ | - | ദിവസവേതനം | — |
| സ്കൂൾ കൗൺസിലർ | 1 | ദിവസവേതനം | — |

## ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മുറികൾ

ക്ലാസ് മുറികൾ - 6

ഓഫീസ് - 1

സ്റ്റാഫ് റൂം - 1

സയൻസ് ലാബ് - 1

കമ്പ്യൂട്ടർ ലാബ് - 1

ലൈബ്രറി - 1

കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 1

എസ്. പി. സി മുറി - 1

ജനറൽ ഹാൾ - 1

ആകെ - 14

Scanned with OKEN Scanner

## വിവിധ ക്ലബ്ബുകൾ.

വിദ്യാരംഗം കലാസാഹിത്യ വേദി

ഇംഗ്ലീഷ് ക്ലബ്ബ്

സോഷ്യൽ സയൻസ് ക്ലബ്ബ്

സയൻസ് ക്ലബ്ബ്

ഗണിത ക്ലബ്ബ്

പരിസ്ഥിതി ക്ലബ്ബ്

IT ക്ലബ്ബ്

ഹിന്ദി ക്ലബ്ബ്

വിമുക്തി ക്ലബ്ബ്

ശുചിത്വ ക്ലബ്ബ്

School protection Group

Health ക്ലബ്ബ്

കൺസ്യൂമർ ക്ലബ്ബ്

ലഹരി ക്ലബ്ബ്

കൗമാര ക്ലബ്ബ്

Gender Club.

# ടാലന്റ് ലാബ്

1. പ്രസംഗം
2. രചന
3. മാധ്യമ പ്രവർത്തനം
4. സംഗീതം
5. ചിത്രരചന
6. ഫിലിം നിർമാണം
7. അഭിനയം
8. ആലാപനം
9. കൃഷി
10. പരിസ്ഥിതി പ്രവർത്തനം
11. സർഗാത്മക രചനകൾ
12. സന്നദ്ധ പ്രവർത്തനം

Scanned with OKEN Scanner

# Project - Mathematics

## ആമുഖം:

സംഖ്യകളും രൂപങ്ങളും സ്വീകരിക്കുന്ന കൗതുകങ്ങളുടെയും അന്വേഷണങ്ങളുടെയും ലോകമാണ് ഗണിതം. നിത്യ ജീവിതത്തിൽ എല്ലാവർക്കും പല തരത്തിലുള്ള ഗണിതക്രിയകളുടെ ആവശ്യമുണ്ട്. ഭൗതിക ശാസ്ത്രങ്ങളിലും സാങ്കേതിക ശാസ്ത്രങ്ങളിലുമെല്ലാം അറിവുകൾ കൃത്യമാക്കാനും ചിട്ടപ്പെടുത്താനും ഗണിതത്തിന്റെ രീതികൾ ഉപയോഗിക്കുന്നു. യുക്തിയുക്തമായും കാര്യകാരണ ബന്ധങ്ങളോടെയും ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വഭാവ സംസ്കരണമാണ് ഗണിതപഠനം.

ഇത്തരം വസ്തുതകൾ മുന്നിൽ കണ്ടുകൊണ്ട് സംഖ്യാപാറ്റേണുകളും അവയുടെ പ്രത്യേകതകളും ചർച്ച ചെയ്ത്, ജ്യാമിതീയ പാറ്റേണുകൾ രൂപീകരിക്കുകയും നിർമിക്കുകയും ചെയ്യുന്നതിലൂടെ ഗണിതം എല്ലാവർക്കും സുഗമമാക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ പ്രോജക്ട്.

## ലക്ഷ്യങ്ങൾ:

* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തണം.
* കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന് ഉപയുക്തമാകണം.
* ഗവേഷണ പ്രവർത്തനങ്ങൾക്ക് താത്പര്യമുണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നതാകണം.
* കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ഉപയുക്തമാകണം.
* സർഗാത്മക ചിന്ത വളർത്താൻ സഹായകരമാകണം.
* വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുന്നതാകണം.
* ഗണിത പഠനത്തിൽ ICT സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാകണം.

Scanned with OKEN Scanner

| Programme | Activity | Duration | ഭൗതികം | ചുമതല |
|---|---|---|---|---|
| ഗണിത പഠനത്തിന്റെ രസം അറിഞ്ഞ് പഠനം ഫലപ്രദമാക്കുന്നതിന് വേണ്ടി വിവിധതരം സംഖ്യകളെ കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം. | 1. ഇഷ്ട സംഖ്യ - സംഖ്യാ ചിത്രം വരയ്ക്കൽ. | 2 - months | സംഖ്യകളെ കുറിച്ചുള്ള കഥാപുസ്തകങ്ങൾ. | BRC |
| | 2. സംഖ്യയെ കുറിച്ച് എഴുതൽ | | | |
| | 3. സംഖ്യയെ കുറിച്ച് എഴുതൽ, പാട്ടുകൾ കഥകൾ. | | Audio CD | PTA |
| | 4. സംഖ്യാ മരം തയ്യാറാക്കൽ | | | |
| | 5. സംഖ്യാ കാർഡുകൾ | | | |
| | 6. സംഖ്യാ വീട് | | | |
| | 7. സംഖ്യാ ചാർട്ടുകൾ | | | |
| | 8. CD യിൽ സംഖ്യകളെ കുറിച്ചുള്ള പാട്ടുകൾ, കഥകൾ എന്നിവ നൽകൽ | | CD | PTA |
| | 9. ഭിന്നശേഷിക്കാർക്ക് പ്രത്യേകം ക്ലാസ് | | | IED trainer |

Scanned with OKEN Scanner

| Programme | Activity | duration | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ചതുഷ് - ക്രിയകൾ | 1. പല നിറത്തിലുള്ള മുത്തുകൾ ഒരു പെട്ടിയിലാക്കുന്നു. | 4 months | ക്ലാസ് റൂം | മുതിർന്ന വിദ്യാർത്ഥികൾ |
| | 2. മഞ്ഞ മുത്തുകൾ 10 എണ്ണം ഒരു പെട്ടിയിൽ, ചുവന്ന മുത്തുകൾ 20 എണ്ണം മറ്റൊരു പെട്ടിയിൽ. | | ക്ലാസ് ലൈബ്രറി | BRC |
| | 3. ആകെ മുത്തുകളുടെ എണ്ണം തിട്ടപ്പെടുത്തൽ. | | സ്കൂൾ ലൈബ്രറി | SCERT |
| | 4. ചുവന്ന മുത്തുകൾ എത്ര കൂടുതൽ | | | |
| | 5. മഞ്ഞ മുത്തുകൾ എത്ര കുറവ്. | | ഗണിത പുസ്തകങ്ങൾ | PTA |
| | 6. ചുവന്ന മുത്തുകൾ മഞ്ഞയെക്കാൾ എത്ര വട്ടം. | | ജീവചരിത്രങ്ങൾ | RMSA |
| | 7. ഗണിത ക്ലബ് | | | |
| | 8. ഗണിത ക്വിസ് | | | |

Scanned with OKEN Scanner

| Programme | Activity | duration | ഭൗതികം | ഫണ്ടിംഗ് |
|---|---|---|---|---|
| | 9. സംഖ്യകളും ചതുഷ്ക്രിയകളും സംബന്ധിച്ച് ഗണിതശാസ്ത്രജ്ഞന്മാർ നൽകിയ സംഭാവനകൾ മനസ്സിലാക്കൽ. | | ജീവചരിത്ര പുസ്തകങ്ങൾ | RMSA |
| | 10. ചതുഷ്ക്രിയകളെ ഉൾപ്പെടുത്തി ഗണിത മാഗസിൻ തയ്യാറാക്കൽ | | ലേഖനങ്ങൾ | RMSA |
| | 11 ഗുണന പട്ടിക മന:പാഠമാക്കൽ audio, CD എന്നിവയിലൂടെ. | | CD | PTA |
| | 12. ചതുഷ്ക്രിയ സംഖ്യാമേള. | | | |
| | 13. തുക, വ്യത്യാസം ഗുണനം, ഹരണം എന്നിവ പ്രദർശിപ്പിക്കുന്ന സംഖ്യാബോർഡുകൾ. | | ചാർട്ടുകൾ | childrens. |
| | 14. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ക്ലാസുകൾ | | | IED, trainer |

Scanned with OKEN Scanner

| No | Programme | Activity | duration | ഭൗതികം | പിന്തു |
|---|---|---|---|---|---|
| 3. | ജ്യാമിതീയ രൂപങ്ങൾ. ചലനരൂപങ്ങൾ | 1. ചാർട്ട് പേപ്പർ തെർമോകോൾ എന്നിവ ഉപയോഗിച്ച് വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമിക്കുന്നു. | 4 months | ഗണിതലാബ് | BRC |
| | | 2. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വിവിധ പാറ്റേണുകൾ നിർമിക്കുന്നു. | | ഗണിത പുസ്തകങ്ങൾ. | PTA |
| | | 3. ചാർട്ട്, തെർമോകോൾ, തടി മുതലായവ ഉപയോഗിച്ച് ചലനരൂപങ്ങൾ നിർമിക്കുന്നു. | | | |
| | | 4. അവയുടെ വശങ്ങളെയും മുഖങ്ങളെയും കുറിച്ച് മനസ്സിലാക്കുന്നു. | | ഗണിതലാബ്, ഗണിതാധ്യാപകൻ | DIET |
| | | 5. ഗണിതമേള സംഘടിപ്പിക്കൽ | | ഫോട്ടോകൾ, വിവിധ രൂപങ്ങളുടെ ശേഖരണം. | PTA |
| | | 6. ഗണിത ഗ്യാലറി | | | Teach |
| | | 7. ഗണിത മാഗസിൻ | | | |

## പ്രവർത്തനങ്ങൾ:-

1. ഗണിത പഠനം - ആസ്വാദനം.
2. വിവിധതരം സംഖ്യകളെ കുറിച്ച് പാട്ടുകൾ, കഥകൾ
3. CD കാണിച്ച് സംഖ്യകൾ കൂടുതൽ മനസ്സിലാക്കുന്നു.
4. ഭിന്നശേഷിക്കാരെ പരിഗണിക്കൽ
5. ഗണിത ക്ലബ്ബ് രൂപീകരിക്കൽ
6. മാഗസിൻ തയ്യാറാക്കൽ.
7. ഗണിത കോർണർ രൂപീകരിക്കൽ
8. ഗണിത പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കൽ
9. ഗണിത ലാബ് ഭംഗിയായി ഉപയോഗിച്ച് കൊണ്ടുള്ള പഠനം.
10. പ്രശസ്ത ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്ര പ്രദർശനം
11. ക്വിസ് മത്സരം സംഘടിപ്പിക്കൽ.
12. ഗണിത ലൈബ്രറി നവീകരണം.
13. ഗണിത മേള സംഘടിപ്പിക്കൽ.
14. ചിത്രപ്രദർശനം, പല പല മോഡലുകൾ നിർമിച്ച് പ്രദർശനം സംഘടിപ്പിക്കൽ.
15. ഗണിത പ്രൊജക്ടുകൾ തയ്യാറാക്കൽ.

Scanned with OKEN Scanner

1

# സാമൂഹ്യശാസ്ത്രം

## ആമുഖം

സമൂഹത്തിന്റെ വിവിധ ഘടകങ്ങളെ വിശദീകരിച്ച്, സമൂഹത്തെ വിശകലനം ചെയ്യാനും മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക. സാമൂഹ്യശാസ്ത്രങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന- ഭൗതികമായും സമൂഹത്തെ മുന്നോട്ട് നയിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കുക. സാമൂഹ്യശാസ്ത്രത്തിലൂടെ പ്രവർത്തിക്കുന്ന വ്യക്തികളുടെ രൂപപ്പെടുത്തലുകൾ സാമൂഹ്യശാസ്ത്ര സിദ്ധാന്തങ്ങളുടെയും ഉപകരണങ്ങളുടെയും സാധിക്കുന്നു.

## ലക്ഷ്യങ്ങൾ

സാമൂഹ്യശാസ്ത്രപഠനം സമൂഹത്തോട് ചേർന്ന ധാരണകൾ ഉണ്ടാക്കുന്നു. ചിന്തയിലൂടെ സാമൂഹിക ജീവിത- നമ്മുടെ സാംസ്കാരികതയെക്കുറിച്ചും വ്യക്തമാക്കുന്നു. സാമൂഹിക ഘടനയെക്കുറിച്ചുള്ള ജീവിതരീതികളെക്കുറിച്ചും വിശദീകരിക്കുന്ന മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തുക.

✓

# GOVT. HSS KULATHUPUZHA

## ACADEMIC PLAN SHORT TERM

| PROGRAMME | ACTIVITY | DURATION | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ചരിത്രാവബോധം സൃഷ്ടിക്കുക. | 1. ചിത്രവായന | 6 months | ഗ്ലോബ് | PTA |
| | 2. ചരിത്രപുസ്തകം നൽകൽ | | Library | BRC |
| പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളോടുള്ള അനുകൂല മനോഭാവം സൃഷ്ടിക്കുക. | 3. വായനാനുഭവം പങ്കുവെയ്ക്കൽ | | | |
| | 4. ചരിത്ര ചിത്ര പതിപ്പ് | 2 months | പ്രസിദ്ധീകരണങ്ങൾ. | DIET |
| | 5. മാഗസിൻ | | ചിത്രങ്ങൾ | |
| മൂല്യങ്ങളും മനോഭാവങ്ങളും സൃഷ്ടിക്കുക | 6. ചരിത്രരേഖകൾ ശേഖരിക്കൽ | 3 months | Internet | |
| | | | Computer | Teachers |
| | 7. ചിത്രങ്ങൾ ശേഖരിക്കൽ | | Reading room | |
| സാമ്പത്തിക നയങ്ങൾ തിരിച്ചറിയുക | 8. ചരിത്രത്തിൽ ഇന്ന്. | 3 months | SS Lab | |
| | 9. ഭൂപടവായന | | | |
| ജനാധിപത്യം. | 10. ഭൂപടം തയാറാക്കൽ | | | കൃഷി ഭവൻ |
| | 11. തിരക്കൂറ്റം | | | |
| | 12. ജീവചരിത്രം. | | | |
| | 13. clippings | | | നിയമ വേദി |
| | 14. CD | | | |

15. ഡോക്യുമെന്ററി
16. സിനിമ
17. Interview
18. ചിത്ര ഗാലറി

പ്രവർത്തനങ്ങൾ

1. പത്രവായന - വിവിധ പത്രങ്ങൾ പ്രദർശിപ്പിക്കുന്നു / വാർത്താ ശേഖരണം / ചിത്രശേഖരണം / ചരിത്ര സംഭവങ്ങൾ കണ്ടെത്തി പത്രം തയ്യാറാക്കൽ.

2. ചരിത്ര പുസ്തകം നൽകൽ - വായന / വായനാനുഭവം പങ്കിടൽ / വായനാക്കുറിപ്പ് തയ്യാറാക്കൽ.

3. ചുമർ പത്രിക - ചരിത്ര സ്മൃതികൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു.

4. മാഗസിൻ - ചരിത്ര സംഭവങ്ങൾ കണ്ടെത്തി മാഗസിൻ തയ്യാറാക്കുന്നു.

5. ആൽബം - ചരിത്ര സംഭവം, ചരിത്രകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്നു.

6. ക്ലാസ് ലൈബ്രറി - പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ശേഖരിക്കുന്നു. CD, ചിത്രങ്ങൾ പുസ്തകശേഖരണം

7. ചരിത്രത്തിൽ ഇന്ന് - ചരിത്ര സംഭവങ്ങൾ, അവയുടെ തീയതികൾ കുറിക്കുന്നു, പ്രദർശിപ്പിക്കുന്നു.

Scanned with OKEN Scanner

8. സാമൂഹ്യശാസ്ത്ര ലൈബ്രറി - ജീവചരിത്രം, ആത്മകഥ, ലോകചരിത്രം, ഇന്ത്യ ചരിത്രം, കേരള ചരിത്രം, പ്രാദേശിക ചരിത്രം, സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ട മറ്റ് രചനകൾ, ഗ്രന്ഥങ്ങൾ.

9. സന്ദർശനങ്ങൾ - സന്നദ്ധ സംഘടനകൾ, അനാഥാലയങ്ങൾ, വ്യവസായം തുടങ്ങിയ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുന്നു.

10. സാമൂഹ്യശാസ്ത്ര ലാബ് - ഗ്ലോബ്, ഭൂപടങ്ങൾ, ഗ്രാഫ്, ചാർട്ട്, ചിത്രം, models, അറ്റ്ലസ്, ഉപകരണ ങ്ങൾ, ചരിത്രരേഖകൾ, CD.

11. സാമൂഹ്യശാസ്ത്ര ക്ലബ്ബ് - ദിനാചരണ പ്രവർത്തനങ്ങൾ / പ്രദർശനങ്ങൾ / മത്സരങ്ങൾ / അഭിമുഖം / ചർച്ച / ഡിബേറ്റ് / ക്വിസ് / ഫീൽഡ് വിസിറ്റ് / പ്രസന്റേഷൻ / പ്രോജക്ട് /

12. ദിനാചരണം - ചരിത്രബോധവും, സാമൂഹ്യബോധവും ഇവ സൃഷ്ടിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

13. ചരിത്രകാരന്മാരെ പരിചയപ്പെടുത്തൽ - രചനകൾ, ജോലികൾ, സംഭാവനകൾ തുടങ്ങിയവയുടെ പ്രദർശനം

14. സ്വാതന്ത്ര്യ സമര നേതാക്കൾ പരിചയപ്പെടൽ - സ്വാതന്ത്ര്യ സമരത്തിന്റെ, വിവിധ ഉന്നത നേതാക്കൾ പരിചയപ്പെടുന്നു.

15. ഫീൽഡ് ട്രിപ്പ് - ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, ചരിത്ര സ്മാരകങ്ങൾ, പ്രകൃതിയുടെ മാറ്റങ്ങൾ എന്നിവ നേരിട്ടനുഭവിക്കുന്നു.

16. ചിത്രഗ്യാലറി - ചരിത്ര സംബന്ധിയായ ചിത്രങ്ങളുടെ പ്രദർശനം.

17. സിനിമ - ചരിത്ര പശ്ചാത്തലമുള്ളതും, മൂല്യങ്ങളും മനോഭാവങ്ങളും വളർത്താനുതകുന്നതും, ചരിത്രത്തെ സംരക്ഷിക്കുന്ന എന്നിവയുടെ സിനിമ.

18: നാടകം / സ്കിറ്റ് - സാമൂഹിക സാമൂഹ്യ പ്രശ്നങ്ങൾ / പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ അവതരണം.

19. ഇന്റർവ്യൂ - നിയമസഹായവേദി / നിയമ ക്ലിനിക്

ചരിത്രഗവേഷകർ, ~~ഭൂമിശാസ്ത്ര~~ ഭരണ ശാസ്ത്രജ്ഞർ, പ്രകൃതിസംരക്ഷണ പ്രവർത്തകർ, നിയമജ്ഞർ, ചരിത്രഗ്രന്ഥകർത്താക്കൾ.

20. ബാങ്ക് സന്ദർശനം - സാമ്പത്തിക ഇടപാടുകൾ / സാമ്പത്തിക നയങ്ങൾ എന്നിവ മനസ്സിലാക്കുന്നു.

21. മോക്ക് പാർലമെന്റ് - ~~ജനാധിപത്യ~~ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുന്നു. തെരഞ്ഞെടുപ്പ് / ഭരണനിർവ്വഹണം എന്നിവ മനസ്സിലാക്കുന്നു.

English

## GOVT. HSS KULATHUPUZHA
ACADEMIC PLAN SHORT TERM

| PROGRAMME | ACTIVITY | DURATION | ഭൗതികം | പിന്തുണ |
|---|---|---|---|---|
| To develop listening ability<br>Easy English - learning English through playing. | 1. Pre. test (2-6-17)<br>2. Read & write alphabets<br>3. Letter card<br>4. Word card<br>5. Construct different words<br>6. Construct meaningful sentence<br>7. Picture card<br>8. Tell a story using pictures.<br>9. Write a story using pictures<br>10. Completion of story.<br>11. Story books<br>12. playing CD<br>13 Special class for slow learners. | 2 months. | Books<br><br>CD | BRC<br>DIET<br>PTA<br><br>BRC<br>IED trainer<br>PTA |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 1. To develop speaking skill | | 6 months | | |
| | 1. Speaker's club | | | DIET |
| | 2. elocution competition | | Auditorium | |
| | 3. Conducting interview with celebrities. | | Trips | |
| | 4. employ note taking techniques to take notes and understand academic spoken texts. | | | SERT |
| | 5. give a chance to hear famous orators. | | | BRC |
| | 6. participate in everyday interaction role plays. | | Class room | Teachers |
| | 7. participate in small group discussion | | School | |
| | 8. deliver oral presentation on news broadcast. | | | BRC |
| | 9. Use strategies to address speaking problems | | | IED trainee |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| To develop Reading skill | | 6 months | | BRC |
| Reader's club. | 1. Reading corner<br>2. Class library.<br>3. Developing reading room<br>4. library membership | | Class library<br>School library<br>Public library | DIET<br>SERT<br>Library |
| | 5. Reading Competition<br>6. Newspaper reading<br>7. English magazines<br>8. Discussion on famous books & famous Authors<br>9. Prepare school magazines<br>10. Class magazine<br>11. Postures<br>12. News reading competition.<br>13. Conducting Seminars on important days. | | Current affairs<br>Newspaper<br>Reading room | BRC |
| | 14. e-reading<br>15. e-books. | | Internet<br>Computer | SERT<br>DIET |
| | 16. Use strategies to address reading problems | | | IED train |

| | | | | |
|---|---|---|---|---|
| To develop writing skill | 1. Writer's club | 6 months | | |
| | 2. discussion on books | | library. | BRC |
| | 3. Class library. | | | DIET |
| | 4. Write up | | | |
| | 5. mobile library. | | | |
| | 6. Introducing different types of writing. | | | |
| | 7. Inland magazine | | books | SERT |
| | 8. Class magazine | | | |
| | 9. School magazine | | | |
| | 10. Writing appreciation | | | |
| | 11. Individual writing | | | |
| | 12. Use grammar, punctuation and mechanics of academic writing | | | |
| | 13. understand convention of standard English grammar, punctuation and mechanics | | library | BRC<br>PTA<br>Teach |
| | 14. Writing biography | | | IED traine |
| | 15. Use strategies to address writing problems. | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 5. | To develop their confidence and acquire all the skills in English language | 1. Roleplay<br>2. Webinar<br>3 Seminar<br>4. Language Lab<br>5. Availability of Audio Visual Aids.<br>6. Drama club. | 2 years | School<br>IT Lab<br>Class | BR<br>DIE<br>PTA<br>P.TA<br>BRC |
| | | 7. Use strategies to address IED students. | | ~~BRC~~ | IEI<br>Tr |

Scanned with OKEN Scanner

മലയാളം പദ്ധതി രേഖ.

ജി. എച്ച്. എസ്. എസ്. [illegible]

| പ്രവർത്തനം | ഏജൻസി | സമയം | ചിലവ്. |
|---|---|---|---|
| I. അടിസ്ഥാന ശേഷി നേടിയെടുക്കൽ. | | | |
| a. പ്രീടെസ്റ്റ് | | | |
| b. സാമഗ്രികളുടെ നിർമ്മാണം | അധ്യാപകർ | | |
| c. പി. ടി. എ. ചേരൽ | | ഒരു വർഷം | |
| d. ക്ലാസ് ക്രമീകരിക്കൽ | | | |
| e. പോസ്റ്റ് ടെസ്റ്റ് നടത്തൽ. | | | |
| f. ഉപലബ്ധി അവലോകനം. | രക്ഷിതാക്കൾ അധ്യാപകർ. | | 25000 |
| II. പ്രതിഭകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ. | | | |
| a. ശില്പശാല സംഘടിപ്പിക്കൽ | | | |
| b. അഭിരുചിയുള്ളവരെ കണ്ടെത്തുന്നു. | അധ്യാപകർ. | ഒരുവർഷം | 50,000. |
| c. വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ. | | | |
| d. മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു- | | | |
| III. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രത്യേക ശിക്ഷണം. | | | |
| a. സാമഗ്രികളുടെ നിർമ്മാണം. | റിസോഴ്സ് ടീച്ചേഴ്സ് | | |
| b. വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ | | ഒരുവർഷം | 25,000. |
| c. നിരന്തര വിലയിരുത്തൽ. | അധ്യാപകർ. | | |

Scanned with OKEN Scanner

| | | | |
|---|---|---|---|
| d. പ്രോത്സാഹന സമ്മാനം നൽകൽ.<br>ഭാഷാലാബ് സജ്ജീകരിക്കൽ. | | | |
| a. ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള അറിവ് പ്രദാനം ചെയ്യുന്നു.<br>b. വെബിനാറുകളുടെ ശേഖരണവും പ്രദർശനവും.<br>c. പ്രൊജക്ടറിന്റെ സഹായത്തോടെ പുതിയ പാഠങ്ങൾ നേടുന്നു.<br>ലൈബ്രറി സജ്ജീകരണം | അധ്യാപകർ | 1 വർഷം | 10,000 + Projector. |
| a. സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറികൾ, അധ്യാപക ലൈബ്രറി എന്നിവ പുനഃക്രമീകരിക്കൽ.<br>b. സമീപസ്ഥ ലൈബ്രറികളിൽ അംഗത്വം നേടുന്നു. സന്ദർശനങ്ങൾ, പുസ്തകങ്ങൾ വായിച്ചറിയപ്പെടൽ.<br>c. വായനാക്കുറിപ്പ് എഴുതി വാങ്ങൽ, പരിശോധിക്കൽ.<br>അമ്മ വായന. | അധ്യാപകർ | 1 വർഷം | 25,000. |
| a. കുട്ടികൾക്കൊപ്പം അമ്മമാരെയും വായനയുടെ ലോകത്തേക്ക് നയിക്കൽ | അധ്യാപകർ, രക്ഷിതാക്കൾ | 1 year. | 20,000. |

| പ്രവർത്തനം | പങ്കാളികൾ | സമയം | ചിലവ് |
|---|---|---|---|
| a. കോർണർ പിടിഎ കൂടുന്നു. | അധ്യാപകർ + രക്ഷിതാക്കൾ | മാസത്തിൽ ഒന്നു വീതം. | 25,000 ഗവൺമെന്റ് / പി.ടി.എ. |
| മാഗസിൻ നിർമ്മാണം. | | | |
| a. ഒരു കുട്ടിക്ക് ഒരു മാഗസിൻ എന്ന സങ്കല്പം സാക്ഷാത്കരിക്കുന്നു. കുട്ടികളുടെ രചനകൾ ചേർത്ത് പ്രിന്റഡ് മാഗസിൻ നിർമ്മിക്കുന്നു. b. വിപുലമായ ചടങ്ങിൽ വച്ച് പ്രകാശനം ചെയ്യുന്നു. പ്രദർശനം, ചർച്ചകൾ എന്നിവ നടത്തുന്നു. | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ | ഒരു വർഷം | 15,000. 10,000 |
| ടാലന്റ് ലാബ്. | | | |
| a. ഓരോ കുട്ടിയേയും ഒരു ടാലന്റ് ലാബായി തീരണം. ടാലന്റ് കാർഡ് നൽകുന്നു. b. എല്ലാ A+ കിട്ടുന്ന കുട്ടികൾക്ക് badge നൽകി ആദരിക്കുന്നു. c. ടാലന്റ് കാർഡ് നിർമ്മാണം. d. ബാഡ്ജ് നിർമ്മാണം. | അധ്യാപകർ കുട്ടികൾ. | ഒരു വർഷം | 10,000 |
| പഠനയാത്ര. | | | |
| a. ടൂറിസ്റ്റ് പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. കലാമണ്ഡലം, [illegible] വരമ്പ്, [illegible] ഗലം തുടങ്ങിയവ. | Tr. കുട്ടികൾ | നവംബർ ഡിസംബർ | 20,000. |
| b. യാത്രാവിവരണം തയ്യാറാക്കുന്നു - പതിപ്പ് പ്രകാശനം | അധ്യാപകർ കുട്ടികൾ | ജനുവരി | |
| Total | | | 2,2500. |

Scanned with OKEN Scanner

ഹിന്ദി

രാഷ്ട്രഭാഷ എന്ന നിലയിലും ഭരണഭാഷ എന്ന നിലയിലും ഹിന്ദി പഠനം ശക്തിപ്പെടുത്തേണ്ടതുണ്ട്. വിവിധ ജീവിത സന്ദർഭങ്ങളിൽ അനായാസം ഹിന്ദിയിൽ ആശയ വിനിമയം നടത്തുവാൻ കഴിയണം. ഭാഷണം, വായന, ലേഖനം ഇവയിൽ പരിചയം നൽകാൻ സഹായിക്കുന്ന പഠനക്രമം വേണം. 5-ാം ക്ലാസ്സു മുതലാണ് ഹിന്ദി പഠനം ആരംഭിക്കുന്നത്. പത്താം ക്ലാസിൽ ഹിന്ദി ഭാഷ ഉചിതമായി ഉപയോഗിക്കുവാൻ കഴിയുന്ന തലത്തിലേക്ക് ഉയരണം.

* വിവിധ ഭാഷാ വ്യവഹാരങ്ങളിൽ സ്വതന്ത്രമായും ആത്മവിശ്വാസത്തോടെയും ഏർപ്പെടാനുള്ള കഴിവ്.
* വിവിധ രചനകൾ വായിച്ച് ആശയം ഗ്രഹിക്കുവാനുള്ള കഴിവ്
* ഭാഷണ സന്ദർഭങ്ങളിൽ ആശയം ഗ്രഹിക്കുവാനും ഇടപെട്ട് സംസാരിക്കുവാനുമുള്ള കഴിവ്
* ഉചിതമായി പ്രതികരിക്കുവാനുള്ള കഴിവ്.

Scanned with OKEN Scanner

| | Programme | Activity | Duration | [illegible] | [illegible] |
|---|---|---|---|---|---|
| | ഹിന്ദി ഭാഷ മനസിലാക്കുക താത്പര്യം ജനിപ്പിക്കുക | ചിത്രവായന പരസ്പര വിനിമയം ചോദ്യോത്തരം അഭിനയിച്ച് കണ്ടുപിടിക്കൽ | 2 ദിവസത്തിൽ ഒരിക്കൽ | | |
| | ഹിന്ദി ഭാഷ പ്രയോഗിക്കുക | ചിത്രം നോക്കൽ ഉടങ്ങിയവയെ തിരിച്ചറിഞ്ഞ് പൂർണ്ണ വാക്യം നിർമിക്കുക | 2 ദിവസത്തിൽ ഒരിക്കൽ | | |
| . | LSRW - ശേഷി വികസിപ്പിക്കുന്നതിന് | ആക്ഷൻ സോങ്ങ് ഏകാഭിനയം ചർച്ച പോസ്റ്റർ രചന | ആഴ്ചയിൽ ഒരു ദിവസം | | |
| 4. | സർഗശേഷി വികസിപ്പിക്കുന്നതിനും ഭാഷാ നൈപുണികളുടെ വികസനത്തിനും ഹിന്ദി പഠനം രസകരമാക്കുന്നതിന് | നാടകം, സ്കിറ്റ് കവിതാലാപനം താളം കൊട്ടുകൽ അടിക്കുറിപ്പ്, വാക്യ പിരമിഡ് കവിതാ പൂർത്തീകരണം പദം മാറ്റം [illegible] | മാസത്തിൽ 1 | | |

| | | | | |
|---|---|---|---|---|
| എണ്ണാൻ പഠിക്കുക ആഴ്ച, മാസം, ഋതുക്കൾ | വിവിധ തരം കളികൾ | ദിവസവും | | |
| പൊതുവിജ്ഞാനം വളർത്തുന്നതിന് | ആജ് കാ ശബ്ദ്<br>ആജ് കാ ഗ്യാൻ<br>ഏക് സൂക്തി<br>പ്രകാശ് കിരൺ | ദിവസവും | | |
| വിഭിന്നശേഷിയുള്ള കുട്ടികൾക്ക് താത്പര്യം ജനിപ്പിക്കുന്നതിന് | ചിത്ര പടങ്ങൾ<br>പത്രികകൾ<br>പുസ്തകങ്ങൾ<br>പ്രദർശനം | മാസത്തിൽ 1 | | |
| ജീവിതാനുഭവങ്ങൾ തിരിച്ചറിയുവാനും പഠനം രസകരമാക്കുവാനും | ഫീൽഡ് ട്രിപ്പ് | ടേമിൽ 1 | | |
| സർഗാത്മകത | കയ്യെഴുത്ത് ഡയറി | മാസത്തിൽ 1 | | |
| ദൈനംദിന ഭാഷാ പ്രയോഗം ഉച്ചാരണം പ്രയോഗം | റേഡിയോ ടി.വി.<br>ചിത്ര പ്രോഗ്രാമുകൾ<br>ICT | മാസത്തിൽ 1 | | |
| | വായന മത്സരം | മാസത്തിൽ | | |

# Project - Science.

## ആമുഖം.

ശാസ്ത്രപഠനം പൊതുവെ രസകരവും ജിജ്ഞാസയുളവാക്കുന്നതുമാണ്. എന്നാൽ ശാസ്ത്രപഠനത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന സംജ്ഞകളും സിദ്ധാന്തങ്ങളുടെ സങ്കീർണ്ണതകളുമൊക്കെയായി ശാസ്ത്രപഠനം വിരസമാകുന്നു. തൽഫലമായി നിരവധി കുട്ടികൾക്ക് പഠനപിന്നോക്കാവസ്ഥയുണ്ടാകുന്നു. ശാസ്ത്രത്തിന്റെ രീതികളും (പ്രശ്നപരിഹരണശേഷി) ശാസ്ത്രാഭിരുചിയും (അന്വേഷണാത്മക പഠനത്തിനുള്ള ശേഷി) വളരുന്നതിനുപകരം ശാസ്ത്ര സംബന്ധിയായ വിവരങ്ങൾ കേവലമായി സ്വാംശീകരിക്കുന്ന ഒന്നായി ശാസ്ത്രപഠനം മാറുന്നു. ഇത്തരമൊരു സാഹചര്യം മറികടന്ന് ശാസ്ത്രപഠനം രസകരവും ജിജ്ഞാസയുള-വാക്കുന്നതും ആസ്വാദ്യവുമാക്കി മാറ്റി പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്.

Scanned with OKEN Scanner

ശാസ്ത്ര വിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ശാസ്ത്രാവിഷ്കാരം) ശാസ്ത്രാഭിരുചി വളർത്തൽ (രസം രസകരം) ശാസ്ത്ര പഠനം പ്രക്രിയാധിഷ്ഠിതമാക്കി നടത്തൽ (പ്രക്രിയാവലോകനം)

---

ചുറ്റുപാടിലുള്ള മാറ്റങ്ങളുടെ ചടുലത ലളിതമായ പരീക്ഷണങ്ങളിലൂടെ അനുഭവമാക്കിയും ശാസ്ത്രപഠനത്തിന്റെ ലക്ഷ്യം ഉചിതമായ തന്ത്രങ്ങളിലൂടെ ബോധ്യപ്പെടുത്തിയും, നിരീക്ഷണത്തിനും, അനുമിതികൾക്കും, നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനുമൊക്കെയുള്ള ശേഷികൾ വികസിപ്പിച്ച് പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻപന്തിയിലെത്തിച്ച് ശാസ്ത്രപഠനം പൊതുവെ രസപ്രദവും ജിജ്ഞാസയുളവാക്കുന്നതുമായി വിദ്യാലയത്തെ ഒരു സ്വർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2017 - 2018 അധ്യയന വർഷം കല്ലുവെട്ടാംകുഴി H.S BRC യുടെയും DIET ന്റെയും SCERT യുടെയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

## ലക്ഷ്യങ്ങൾ

* ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിച്ച് പഠനം എളുപ്പമാക്കാൻ
* ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കാൻ.
* പ്രക്രിയാശേഷികൾ സ്വാഭാവികമായി ആർജ്ജിക്കാൻ.
* ശാസ്ത്രാഭിരുചി വളർത്താൻ.
* സയൻസ് ക്ലബ്.
* ലബോറട്ടറി.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രത്തിന്റെ സാധ്യത കണ്ടെത്തുക.
* ശാസ്ത്രവുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ.
* കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
* മെച്ചപ്പെടലിനുവേണ്ടി പരിശ്രമിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക.
* നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.
* പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
* അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കുക.
* ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.

Scanned with OKEN Scanner

* ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
* പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക.
* പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
* പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
* സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
* സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക.
* ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
* വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
* മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക.
* ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
* ശാസ്ത്രനേട്ടങ്ങൾ സാമൂഹികനന്മയ്ക്കായി പ്രയോജനപ്പെടുത്തുക.
* ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

Scanned with OKEN Scanner

| Programme | Activity. | Duration | ഭൗതികം | പിന്തുണ. |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കാവസ്ഥ പരിഹരിക്കൽ. (ശാസ്ത്രാവിഷ്കാരം) | 1. Pre-test. | 2 months. | | |
| | 2. ചിത്രപ്രദർശനം. | Aug - Sep. | | |
| | 3. പരീക്ഷണം. | | ലബോറട്ടറി. | BRC. |
| | 4. നിരീക്ഷണം. | | | |
| | 5. ക്രോഡീകരണം. | | | |
| | 6. നിഗമനം. | | | |
| | 7. ആക്ടിവിറ്റി കാർഡ് നൽകുന്നു. | | | |
| | 8. ചിത്രം കാണിക്കുന്നു. | | C.D. | DIET. |
| | 9. പരീക്ഷണം - നിഗമനം എഴുതൽ | | | |
| | 10. C.D-ൽ പരീക്ഷണം കാണിച്ചു എഴുതൽ | | പുസ്തകങ്ങൾ. | SCERT |
| | 11. ശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | | ICT. | PTA.<br>BRC<br>IED<br>Trainer.<br>P.T.A. |

| Programme. | Activity. | Duration | ഭൗതികം. | ഉറവിടം. |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ. (ഒരു വർഷം) | 1. സയൻസ് ക്ലബ് രൂപീകരിക്കൽ. | 6 months. | ക്ലാസ്സ് | SCERT |
| | 2. ലാബ് നവീകരിക്കൽ. | | ലൈബ്രറി. | BRC. |
| | 3. ശാസ്ത്ര പരീക്ഷണശാല ആരംഭം. | | പരീക്ഷണശാല. | DIET. |
| | 5. ക്വിസ് മത്സരം സംഘടിപ്പിക്കൽ. | | | |
| | 6. സയൻസ് കോർണർ രൂപീകരിക്കൽ. | | | |
| | 7. ഫീൽഡ് ട്രിപ്പ് നടത്തൽ. | | CD. | PTA. |
| | 8. ദിനാചരണങ്ങൾ. | | | |
| | 9. ശാസ്ത്ര മേളകൾ സംഘടിപ്പിക്കൽ. | | ICT. | |
| | 10. സയൻസ് പഠനയാത്ര സംഘടിപ്പിക്കൽ. | | | |
| | 11. നൂതന സംവിധാനങ്ങൾ ഒരുക്കൽ. | | | |

Scanned with OKEN Scanner

| Programme | Activity | Duration | ഭൗതികം | പിന്തുണ. |
|---|---|---|---|---|
| ശാസ്ത്ര പഠനം. പ്രക്രിയാധിഷ്ഠിത-മായി നടത്തൽ (പ്രക്രിയാവബോധം) | 1. സയൻസ് ക്ലബ് രൂപീകരണം. | 6 months. | | |
| | 2. പരീക്ഷണം - ചർച്ച. | | ലബോറട്ടറി. | BRC. |
| | 3. നിരീക്ഷണം. | | | DIET. |
| | 4. ക്രോഡീകരണം. | | | |
| | 5. നിഗമനം. | | | |
| | 6. വിവിധ സയൻസ് ശാഖകൾ പരിചയ-പ്പെടൽ. | | പുസ്തകങ്ങൾ | SCERT |
| | | | | PTA. |
| | 7. ഇൻലന്റ് മാസിക ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ. | | | |
| | 8. സർഗ്ഗ സൃഷ്ടികളുടെ മാസിക തയ്യാറാക്കൽ. | | | |
| | 9. സയൻസ് സെമിനാർ. | | | |
| | 10. ശാസ്ത്രപ്രോജക്ട്. | | പുസ്തകങ്ങൾ. | DIET. |
| | 11. സംവാദം. | | | |
| | 12. അഭിമുഖം. | | | |
| | 13. ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ. | | ജീവചരിത്ര പുസ്തകങ്ങൾ | ജനപ്രതിനിധി |
| | | | ICT. | PTA |
| | 14. ചിത്ര പ്രദർശനം. | | | |
| | 15. എക്സിബിഷൻ. | Auditorium. | | Teachers. |

Scanned with OKEN Scanner

## പ്രവർത്തനങ്ങൾ.

1. ശാസ്ത്രാവിഷ്കാരം (Pre-test)

പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി.

2. ശാസ്ത്രം പരിചയപ്പെടുത്തുന്നു.

ചിത്രപ്രദർശനം നടത്തി ശാസ്ത്രം പരിചയപ്പെടുത്തുന്നു.

3. പരിശീലനം.

പരിശീലനങ്ങൾ നൽകി അവ ക്രോഡീകരിക്കുകയും നിരന്തരത്തിൽ എഴുതിച്ചേർക്കുകയും ചെയ്യുന്നു.

4. ഭിന്നശേഷിക്കാരെ പരിഗണിക്കൽ.

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സഹായം.

5. സയൻസ് ക്ലബ് രൂപീകരിക്കൽ.

കുട്ടികളുടെ നേതൃത്വത്തിൽ സയൻസ് ക്ലബ് രൂപീകരിക്കുന്നു.

6. സയൻസ് കോർണർ രൂപീകരിക്കൽ.

ക്ലാസ് മുറിയുടെ ഒരു ഭാഗത്ത് സയൻസ് സംബന്ധമായ കാര്യങ്ങൾ കോർത്തിണക്കി സയൻസ് കോർണർ രൂപീകരിക്കുന്നു.

7. മാഗസിൻ തയ്യാറാക്കൽ.

കുട്ടികളുടെ ശാസ്ത്രത്തിലെ അഭിരുചിക്ക് അനുസൃതമായി ശാസ്ത്രമാഗസിൻ തയ്യാറാക്കുന്നു.

8. ദിനാചരണങ്ങൾ.

ശാസ്ത്രപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുന്നു.

Scanned with OKEN Scanner

9. <u>ന്യൂസ് പേപ്പറുകളിൽ</u>

ഭിന്നശേഷി ദിനാചരണം പോലുള്ള ന്യൂസ് പേപ്പറുകളിൽ പ്രസിദ്ധീകരിക്കുന്നു.

10. <u>ലൈബ്രറി സജ്ജീകരണം.</u>

സ്കൂൾ ലൈബ്രറി സജ്ജീകരണം, കുട്ടികളെ [illegible] ഉപയോഗിക്കാൻ പഠിപ്പിക്കുന്നു.

11. <u>ക്വിസ് മത്സരം സംഘടിപ്പിക്കൽ</u>

ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു.

12. <u>കലോത്സവങ്ങളിൽ പങ്കാളിയാക്കൽ</u>

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ സഹായം. പ്രാദേശികമായുള്ള ബന്ധപ്പെട്ട് [illegible] പ്രവർത്തനങ്ങൾ [illegible] കലോത്സവങ്ങളിൽ പങ്കെടുപ്പിച്ച് [illegible] ജീവിതത്തിൽ ഒരു ദിനം.

13. <u>സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനം.</u>

ഭിന്നശേഷിക്കാരെ സംയോജിപ്പിച്ചുകൊണ്ട് വിവിധ മത്സരങ്ങൾ നടത്തൽ.

14. <u>ഭിന്നശേഷിപ്രവർത്തകരുടെ പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷി പ്രവർത്തകരുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, രക്ഷിതാക്കൾ ബോധവൽക്കരണം. പ്രധാനപ്പെട്ട ഉപായം.

15. <u>സ്റ്റഡി ടൂർ സംഘടിപ്പിക്കൽ</u>

സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കൽ.

16. <u>ഇന്റർനെറ്റ് ലൈബ്രറി, ചുമർപത്രിക, പതിപ്പ്.</u>

ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിൽ ഇന്റർനെറ്റ് ലൈബ്രറി, ചുമർപത്രിക, പതിപ്പുകൾ, മാസികകൾ, പോസ്റ്ററുകൾ.

Scanned with OKEN Scanner

17. <u>ശാസ്ത്രപ്രോജക്ടുകൾ.</u>

ശാസ്ത്രത്തെ കൂടുതൽ മനസിലാക്കാനും അനുഭവത്തിലൂടെ അറിവിലേക്കുമായി ശാസ്ത്രത്തിന്റെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്).